**പതിനാലാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 ഡിസംബർ 6-ാം തീയതി സമർപ്പിച്ചത്)

**(ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

**നാലാമത് റിപ്പോർട്ട്**

(2018 ഡിസംബർ 6-ാം തീയതി സമർപ്പിച്ചത്)

(ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ സംബന്ധിച്ച്)

1738/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## ഘടന

അദ്ധ്യക്ഷൻ:

ശ്രീ. ബി. സത്യൻ.

അംഗങ്ങൾ:

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, അണ്ടർ സെക്രട്ടറി.

# ആമുഖം

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും കായിക രംഗങ്ങളിൽ അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി, അവർക്ക് പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിച്ച് ദേശീയ/അന്തർദേശീയ തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചതും, പിന്നീട് വളർച്ചയുടെ പല ഘട്ടങ്ങൾ പിന്നിട്ടതുമായ ഒരു സ്ഥാപനമാണ് തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കാർഷിക സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ. പ്രസ്തുത സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും സ്കൂളിന്റെ നിലവിലുള്ള അവസ്ഥ നേരിട്ട് മനസ്സിലാക്കുന്നതിനുമായി കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി 25-7-2017, 21-11-2018 തീയതികളിൽ അവിടം സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉതകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയതുമാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ഡിസംബർ 6.

ബി. സത്യൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് വെള്ളായണി കാർഷിക കോളേജിന്റെ കോമ്പൗണ്ടിൽ 90 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കാവസ്ഥയിലായിരുന്ന ഒരു ജനവിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ച മഹാനായ അയ്യൻകാളിയുടെ നാമധേയത്തിലുള്ള പ്രസ്തുത സ്കൂൾ, അദ്ദേഹത്തിന്റെ ജന്മദേശമായ വെങ്ങാനൂരിന് സമീപത്തുള്ള വെള്ളായണിയിൽ 2002-ലാണ് സ്ഥാപിച്ചത്. മുൻപ് ജഗതിയിൽ സ്ഥിതി ചെയ്തിരുന്ന സ്പോർട്സ് ഹോസ്റ്റലുകളെ പരിവർത്തനം ചെയ്ത്, കായികരംഗത്ത് അഭിരുചിയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി പ്രതിഭകളാക്കി വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത സ്കൂൾ ആരംഭിച്ചത്.

2. പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനായി സമിതി, 25-7-2017, 21-11-2018 തീയതികളിൽ അവിടം സന്ദർശിക്കുകയുണ്ടായി. സമിതിയുടെ സന്ദർശനത്തിനിടെ ബോധ്യപ്പെട്ട വസ്തുതകളുടെയും തുടർന്നു നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

3. ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂളിൽ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ഒരു ക്ലാസിൽ 30 വീതം പരമാവധി 240 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നതെന്നും സ്പോർട്സിലുള്ള പ്രാവീണ്യം മാത്രം കണക്കിലെടുത്ത് എല്ലാ ജില്ലകളിൽ വച്ചും സെലക്ഷൻ ട്രയൽ നടത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 2:1 എന്ന അനുപാതത്തിലും ആൺ/പെൺ കുട്ടികൾക്ക് 1:1 എന്ന അനുപാതത്തിലുമാണ് പ്രവേശനം നൽകുന്നതെന്നും 2009-ൽ ആരംഭിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിൽ ഹ്യൂമാനിറ്റീസ് ബാച്ചാണുള്ളതെന്നും പ്രഥമ സന്ദർശന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കി.

4. സ്കൂളിന്റെ നയപരവും ഭരണപരവുമായ കാര്യങ്ങളുടെ ചുമതല അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കാണെന്നും വെള്ളായണി കാർഷിക കോളേജ് ഡീൻ അദ്ധ്യക്ഷനായ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും പട്ടികജാതി വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ അദ്ധ്യക്ഷനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്കൂളിന്റെ ഉപദേശക സമിതിയായി നിലവിൽ

ഉണ്ടെന്നും അത്‌ലറ്റിക്സ്, ജൂഡോ, ഫുട്ബോൾ, റെസ്‌ലിംഗ്, തായ്കോണ്ടോ, ജിംനാസ്റ്റിക്സ് എന്നീ ആറ് ഇനങ്ങളിലാണ് നിലവിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതെന്നും, 2016-ൽ ജൂഡോയ്ക്ക് ദേശീയ തലത്തിൽ മൂന്നു സ്വർണ്ണ മെഡലുകൾ നേടാൻ കഴിഞ്ഞതും ന്യൂഡൽഹിയിൽ നടന്ന സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റിൽ 17 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ മത്സരത്തിൽ സ്കൂൾ ടീം കേരളത്തെ പ്രതിനിധീകരിച്ചതും 2017-ൽ മൂന്ന് കാറ്റഗറികളിൽ തിരുവനന്തപുരം ജില്ലാ ചാമ്പ്യന്മാരായതും എടുത്തുപറയത്തക്ക നേട്ടമാണെന്നും സമിതി വിലയിരുത്തി.

5. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി പഠിപ്പിച്ചെടുക്കാനുള്ള ഉത്തരവാദിത്വം അദ്ധ്യാപകർക്കുണ്ടെന്നും സ്കൂളിലെ കുട്ടികൾ വിദ്യാഭ്യാസപരമായി മുന്നോട്ട് പോകുന്നില്ലെന്നത് സ്കൂളിന്റെ ദയനീയാവസ്ഥയെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പഠനത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന കുട്ടികളുണ്ടെന്നും അവർക്ക് റെമഡിയൽ ടീച്ചിംഗ് നടത്തുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. നിലവിലെ സമയക്രമമനുസരിച്ച് രാവിലെ 6.00 മണി മുതൽ 8.15 മണി വരെ ഗ്രൗണ്ടിൽ പരിശീലനവും അത് കഴിഞ്ഞ് 9.30 മണി മുതൽ 4.00 മണി വരെ ക്ലാസ്സിലെ പഠനവുമാണ് അനുവർത്തിച്ചുവരുന്നത്. ഇത് കുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് <u>പരിഹരിക്കുന്നതിനായി അടുത്ത അധ്യയന വർഷം മുതൽ പഠന സമയം രാവിലെ 8.30 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയായി പുനഃക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6. സന്ദർശന വേളയിൽ സ്കൂളിലെ അക്കാഡമിക്, നോൺ അക്കാഡമിക്, സ്പോർട്സ് എന്നീ മൂന്നു വിഭാഗങ്ങളിലെ അനൈക്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സ്പോർട്സ് ഓഫീസറും സൂപ്രണ്ടും അദ്ധ്യാപകരും വെവ്വേറെ ഗ്രൂപ്പ് എന്ന നിലയിലാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്തിയ സമിതി, ഭരണപരമായ കാര്യങ്ങൾ നടത്തുന്ന വകുപ്പും സ്കൂളിന്റെ അഡ്മിനിസ്ട്രേഷൻ നടത്തുന്ന ഉദ്യോഗസ്ഥരും കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരും തമ്മിൽ സഹകരണമുണ്ടാകുന്ന തരത്തിൽ ഒരു പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നിലവിൽ മൂന്നു വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് നടന്നു വരുന്നതെന്ന് 23-5-2018-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ വകുപ്പ് അധികൃതർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി. ആകയാൽ, പ്രസ്തുത വിഭാഗങ്ങളെ <u>ഏകോപിപ്പിച്ചുള്ള പ്രവർത്തനം തുടർന്നും ഉണ്ടാകുന്നതിന് വകുപ്പുതലത്തിൽ സമഗ്രമായ നിരീക്ഷണം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

7. <u>കുട്ടികൾക്ക് അധികൃതരുടെ അനുവാദത്തോടെ സ്കൂൾ വിട്ട് പുറത്തുപോകുന്നതിനും തിരിച്ചുവരുന്നതിനും വ്യക്തമായ സമയക്രമം നിശ്ചയിക്കണമെന്നും നിശ്ചിത സമയം കഴിഞ്ഞും കുട്ടികൾ തിരിച്ചെത്തിയില്ലെങ്കിൽ അത് രക്ഷിതാക്കളെ അറിയിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

8. സമിതി സന്ദർശനം നടത്തുന്ന അവസരത്തിൽ മാത്രമാണ് വകുപ്പ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുന്നത്. ഇത് ശരിയായ രീതിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>വകുപ്പുദ്യോഗസ്ഥർ മാസത്തിലൊരിക്കലെങ്കിലും സ്കൂൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും സ്കൂളിലെ ജീവനക്കാർ തമ്മിൽ ഏകോപനമുണ്ടാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ യോഗം കൃത്യമായി ചേരണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർബന്ധമായും മാസത്തിൽ ഒരു പ്രാവശ്യം സ്കൂൾ സന്ദർശിച്ച് സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും റിപ്പോർട്ട് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

9. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സ്കൂൾ കോമ്പൗണ്ടിൽ നീന്തൽക്കുളം ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. സ്കൂളിൽ ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതിന് 'കിറ്റ്കോ' എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് പഠനം നടത്തി വരികയാണെന്നും സന്ദർശന വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. <u>പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

10. ദേശീയതലത്തിൽ കുട്ടികൾ ജിംനാസ്റ്റിക്സിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. <u>കുട്ടികൾക്ക് പരിശീലനം നടത്താൻ ആവശ്യമായ ഉപകരണങ്ങളോടുകൂടിയ ജിംനാസ്റ്റിക്സ് ഹാളിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

11. പന്ത്രണ്ടാം ക്ലാസ്സ് വരെ കായിക വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിഗ്രിക്കോ, ലക്ഷ്മിഭായി നാഷണൽ കോളേജ് ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ (എൽ.എൻ.സി.പി.ഇ.)-ലോ പ്രവേശനം നേടി തുടർ പഠനം നടത്താമെന്നും, ഓരോ വർഷവും പഠിച്ചിറങ്ങുന്ന എട്ടു കുട്ടികൾക്കെങ്കിലും എൽ.എൻ.സി.പി.ഇ-ൽ അഡ്മിഷൻ ലഭിക്കാറുണ്ടെന്നും, സംവരണത്തിലാണ് കുട്ടികൾക്ക് ഇവിടെ അഡ്മിഷൻ ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

12. <u>സ്കൂളിലെ അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ കായികശേഷി നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

13. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പ്രത്യേക കേഡറാക്കി, സ്ഥിരമായി താമസിക്കാൻ തയ്യാറാകുന്ന അദ്ധ്യാപകരെ മാത്രം ഉൾപ്പെടുത്തി പ്രത്യേക സെലക്ഷൻ നടത്താൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടെന്ന് വകുപ്പ് അധികൃതർ സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ് അടിയന്തരമായി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റസിഡന്റ് ട്യൂട്ടർമാർ മുഴുവൻ സമയവും ഹോസ്റ്റലിൽ തന്നെ താമസിക്കണമെന്നും ശനി, ഞായർ ദിവസങ്ങളിൽക്കൂടി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിൽ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

14. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കായികമായ മുന്നേറ്റത്തിന് ആക്കം കൂട്ടുവാനായിട്ടാണ് സ്കൂൾ ആരംഭിച്ചതെങ്കിലും നാളിതുവരെയുള്ള പ്രകടനത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് സ്കൂളിന് സാധിച്ചിട്ടില്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആകയാൽ, സ്പോർട്സ് സ്കൂൾ നിലനിർത്തുന്നതിനും, കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനും, സ്പോർട്സിന്റെ സമഗ്രമായ പുരോഗതി മുൻനിർത്തി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ മാത്രമേ മികച്ച കായിക താരങ്ങളെ വാർത്തെടുക്കാൻ സമൂഹത്തിന് കഴിയൂ എന്ന തിരിച്ചറിവ് അധികൃതർക്ക് ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

15. ഈ സ്ഥാപനം നിലവിൽവന്ന് നാളിതുവരെയായിട്ടും മാനേജർ-കം-റസിഡന്റ് ട്യൂട്ടർ തസ്തികയിൽ സ്ഥിര നിയമനം നടത്തിയിട്ടില്ലെന്നും പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിലാണ് നിലവിൽ നിയമനം നടക്കുന്നതെന്നും സമിതിക്ക് ബോധ്യപ്പെട്ടു സ്കൂളിലെ പഠനത്തിനുശേഷം ഹോസ്റ്റലിൽ കുട്ടികൾ ചെലവഴിക്കുന്ന സമയങ്ങളിൽ അവരെ നിരീക്ഷിക്കുന്നതിനും പഠനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടത് മാനേജർ-കം-റസിഡന്റ് ട്യൂട്ടറിന്റെ കടമയാണെന്ന് സമിതി മനസ്സിലാക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മാനേജർ-കം-റസിഡന്റ് ട്യൂട്ടർ തസ്തിക അവിഭാജ്യഘടകമായതിനാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികയിൽ അടിയന്തരമായി സ്ഥിര നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സ്കൂളിൽ അത്‌ലറ്റിക്സിന് വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കായിക ലോകത്ത് വളരെ കടുത്ത മത്സരം നേരിടുന്ന അത്‌ലറ്റിക്സിൽ മികവ് പുലർത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് സമിതി കരുതുന്നു. അതിനാൽ അത്‌ലറ്റിക്സ് ഇനങ്ങൾക്ക് മികച്ച പരിശീലകരെ നിയോഗിക്കണമെന്നും കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. വിവിധ സ്പോർട്സ് ഇനങ്ങളിൽ നിലവിൽ ദിവസ വേതന അടിസ്ഥാനത്തിലാണ് പരിശീലകരെ നിയമിച്ചിട്ടുള്ളതെന്നും റെസിലിംഗിന് പരിശീലകരില്ലെന്നും സമിതി കണ്ടെത്തി. ആയതിനാൽ കുട്ടികളുടെ കായികമായ മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതിനായി നിലവിൽ പരിശീലനം നൽകുന്ന ഇനങ്ങൾ കൂടാതെ വോളിബോൾ, ബാസ്കറ്റ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ എന്നീ ഇൻഡോർ ഗെയിമുകൾക്കും റെസിലിംഗിനും പരിശീലകരെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കുട്ടികൾക്ക് അസുഖങ്ങൾ ഉണ്ടാകുമ്പോൾ അവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് നിലവിൽ സൗകര്യങ്ങളില്ലെന്നും ആയതിനാൽ ഇതിനായി ഒരു വാഹനം അനുവദിക്കണമെന്നും പ്രിൻസിപ്പൽ സമിതിയോട് അഭ്യർത്ഥിച്ചു. പ്രസ്തുത ആവശ്യം വളരെ ഗൗരവമുള്ളതായി സമിതി വിലയിരുത്തുന്നു. സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്കായി അടിയന്തരമായി ഒരു വാഹനം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. നിലവിൽ 10 ശതമാനത്തിൽ താഴെ കുട്ടികൾ മാത്രമേ ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നുള്ളുവെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ കുട്ടികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (എം.ഒ.യു.) പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അവകാശം കാർഷിക സർവ്വകലാശാലയ്ക്കാണ്. പ്രസ്തുത സ്ഥലത്ത് സ്കൂളിന്റെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ സർവ്വകലാശാലയുടെ അനുവാദം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി എന്തെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നു. ആയതിനാൽ സ്പോർട്സ് സ്കൂളിന് തലസ്ഥാന ജില്ലയിൽത്തന്നെ മറ്റൊരിടത്ത് സ്ഥലം കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

21. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക കോളേജിന്റെ ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ, ദേശീയ നിലവാരത്തിലുള്ള ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2018 ഡിസംബർ 6.

ബി. സത്യൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*